⇨ *കോർപ്പറേറ്റുകൾക്ക് എതിരായ ഇവരുടെ രാഷ്ട്രീയ നിലപാട് എത്രമാത്രം ആത്മാർത്ഥമാണ്?* ⇨

## തുറമുഖവും വിമാനത്താവളവും

# എന്താണ് അദാനിയോടുള്ള നിങ്ങളുടെ ശരിയായ നിലപാട്?

അദാനി എന്ന കോർപ്പറേറ്റ് ഭീമൻ കേരളത്തിലെ ഒരു പൊതുമേഖലാ വിമാനത്താവളം സ്വന്തമാക്കുന്നതിനെതിരെ നിലപാടു സ്വീകരിച്ചിരിക്കുന്ന രാഷ്ട്രീയ കക്ഷികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ കാര്യത്തിൽ എന്ത് സമീപനമാണ് എടുത്തിട്ടുള്ളത്? എന്താണ് ഈ സമീപനത്തിലെ ഇരട്ടത്താപ്പ്? കോർപ്പറേറ്റുകൾക്ക് എതിരായ ഇവരുടെ രാഷ്ട്രീയ നിലപാട് എത്രമാത്രം ആത്മാർത്ഥമാണ്?

**നിഖിൽ വർഗീസ്**

**തിരുവനന്തപുരം** വിമാനത്താവളം അദാനി ഗ്രൂപ്പ് ഏറ്റെടുക്കുന്നതിനെതിരെ നിയമപരമായും, രാഷ്ട്രീയപരമായും ശക്തമായ എതിർപ്പുകളുമായി മുന്നോട്ടുപോകുകയാണ് കേരള സർക്കാരും ഇടത് വലത് മുന്നണികളും. വിമാനത്താവള നിർമ്മാണവുമായി ബന്ധപ്പെട്ട് കേരള സർക്കാർ ഏറ്റെടുത്തു നൽകിയ ഭൂമിയും മറ്റു സേവനങ്ങളും പരിഗണിച്ച് സംസ്ഥാനത്തിന് മുഖ്യ ഓഹരിയുള്ള ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി വിമാനത്താവളം നിലനിർത്തണം എന്നായിരുന്നു കേരളത്തിന്റെ ആവശ്യം. ബി.ജെ.പിയുടെ അടുപ്പക്കാരനായ ഗൗതം അദാനിക്ക് വിമാനത്താവളം കൈമാറരുതെന്നും തീരുമാനം പിൻവലിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സി.പി.എം സംസ്ഥാന സെക്രട്ടറിയേറ്റ് പ്രതികരിച്ചത് തെക്കൻ കേരളത്തിലെ കടലും ആകാശവും അദാനി ഗ്രൂപ്പിന് തീറെഴുതുകയാണെന്നാണ്. കോവിഡിന്റെ മറവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യ മേഖലയ്ക്ക് വിൽക്കുന്ന കേന്ദ്രസർക്കാർ നയത്തിന്റെ ഭാഗമായാണ് തിരുവനന്തപുരം വിമാനത്താവളം അദാനിക്ക് നൽകുന്നത് എന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തലയും പ്രതികരിച്ചു. സർവ്വകക്ഷിയോഗത്തിൽ ഇത് പൊതുനിലപാടായി വരികയും സ്വകാര്യവൽക്കരണ തീരുമാനത്തിനെതിരെ നിയമസഭ പ്രമേയം പാസാക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഇതേ ഗൗതം അദാനിയുടെ കമ്പനിക്ക് കരാർ നൽകിയിരിക്കുന്ന വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ കാര്യത്തിൽ കേരളത്തിലെ ഭരണപ്രതിപക്ഷ കക്ഷികൾ സ്വീകരിച്ചിരിക്കുന്ന നിലപാട് പരിശോധിക്കുകയാണിവിടെ. അദാനി എന്ന കോർപ്പറേറ്റ് ഭീമൻ കേരളത്തിലെ ഒരു പൊതുമേഖലാ വിമാനത്താവളം സ്വന്തമാക്കുന്നതിനെതിരെ നിലപാടു സ്വീകരിച്ചിരിക്കുന്ന ഈ രാഷ്ട്രീയ കക്ഷികൾ വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിന്റെ കാര്യത്തിൽ എന്ത് സമീപനമാണ് എടുത്തിട്ടുള്ളത്? എന്താണ് ഈ സമീപനത്തിലെ ഇരട്ടത്താപ്പ്? കോർപ്പറേറ്റുകൾക്ക് എതിരായ ഇവരുടെ രാഷ്ട്രീയ നിലപാട് എത്രമാത്രം ആത്മാർത്ഥമാണ്?

2019 ഫെബ്രുവരിയിലാണ് 50 വർഷത്തേക്ക് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പ്, നിർവ്വഹണം, വികസനം എന്നിവയ്ക്കുള്ള ബിഡ് അദാനി സ്വന്തമാക്കുന്നത്. സംസ്ഥാന സർക്കാരിന്റെ എതിർപ്പ് മറികടന്നാണ് കേന്ദ്ര സർക്കാർ വിമാനത്താവളം അദാനിയെ

ഏൽപ്പിക്കാൻ തീരുമാനിക്കുന്നത്. വിമാനത്താവളം അദാനിയെ ഏൽപ്പിച്ചാൽ സഹകരിക്കില്ലെന്നും സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെൻറ് ഒപ്പുവെക്കാൻ തയ്യാറല്ലെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിലെ ഇടതു-വലതു മുന്നണികൾ തിരുവനന്തപുരം എയർപോർട്ട് സ്വകാര്യവത്കരിക്കുന്നതിനെ ശക്തമായി എതിർക്കുകയും അവിടെ നിന്നും 15 കിലോമീറ്ററുകൾക്കപ്പുറമുള്ള സംസ്ഥാനത്തിന്റെ പൊതുസ്വത്തായ തീരം അന്താരാഷ്ട്ര തുറമുഖത്തിനായി അദാനിക്ക് വിറ്റഴിക്കുന്നതിനെ വികസനമായും കാണുന്നു. സംസ്ഥാന സർക്കാരിന് സാമ്പത്തിക നഷ്ടം ഉണ്ടാകും എന്ന സി.എ.ജി വിലയിരുത്തിയ ഈ പദ്ധതിക്ക് ഇടതു-വലതു മുന്നണികൾ ചെയ്തുകൊടുത്ത വഴിവിട്ട സഹായങ്ങൾ ഈ സാഹചര്യത്തിൽ തുറന്നുകാട്ടപ്പെടേണ്ടതുണ്ട്. വിമാനത്താവള വിഷയത്തിൽ സ്വകാര്യവൽക്കരണിനെതിരെയും അദാനിക്കെതിരെയും ഇവർ ഉയർത്തുന്ന വാദഗതികളിലെ വൈരുദ്ധ്യവും പൊള്ളത്തരവുമാണ് വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട ഇവരുടെ നിലപാടുകൾ അനാവരണം ചെയ്യുന്നത്. അദാനിക്കെതിരെയുള്ള നിലപാട് ആത്മാർത്ഥതയുള്ളതാണെങ്കിൽ വിഴിഞ്ഞം തുറമുഖം എന്ന ദുരന്ത പദ്ധതിയുമായി മുന്നോട്ടുപോയതിന് കേരളത്തിലെ ജനങ്ങളോട് മാപ്പ് പറയുകയും തീരുമാനം പുനപരിശോധിക്കുകയുമാണ് ഇവർ ചെയ്യേണ്ടത്. സ്വകാര്യവൽക്കരണത്തിനെതിരെയുള്ള ഇടത് -വലത് മുന്നണികളുടെ ഇപ്പോഴത്തെ നിലപാടുകളിൽ ജനങ്ങൾക്ക് വിശ്വാസം ഉണ്ടാകണമെങ്കിൽ ഈ നടപടി അത്യാവശ്യമാണ്. കേന്ദ്രം ഭരിക്കുന്ന ബി.ജെ.പിയിൽ നിന്നും അദാനിയുമായി ബന്ധപ്പെട്ട കാര്യത്തിൽ അത്തരത്തിലുള്ള ഒരു നിലപാട് പ്രതീക്ഷിക്കേണ്ടതില്ലല്ലോ.

വിമാനത്താവള കൈമാറ്റവുമായി ബന്ധപ്പെട്ട് സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും വാദഗതികളുടെ അന്തഃസത്ത ഇവയാണ്.

- അദാനി എന്ന ബിജെപി അനുഭാവിയായ കുത്തക മുതലാളിയെ സഹായിക്കുന്നു.
- സംസ്ഥാന ഗവൺമെൻറ് 600 ഏക്കറോളം ഭൂമി വിമാനത്താവളത്തിനായി ഏറ്റെടുത്ത് നൽകിയിട്ടുണ്ട്. ഇത് പൊതുസ്വത്താണ്.
- അദാനിക്ക് അനുകൂലമായ ബിഡിങ്ങിലെ വ്യവസ്ഥകൾ.
- അദാനിക്ക് വിമാനത്താവളങ്ങളുടെ നടത്തിപ്പിൽ മുൻപരിചയം ഇല്ല.
- പൊതുമുതലുകളുടെ സ്വകാര്യവൽക്കരണത്തോടുള്ള എതിർപ്പ്.

ഈ വാദഗതികളെ മുൻനിർത്തിയാണെങ്കിൽ വിഴിഞ്ഞം തുറമുഖ പദ്ധതിയും വിചാരണ ചെയ്യേണ്ടതുണ്ട്. വിഴിഞ്ഞം തുറമുഖത്തിന്റെ നിർമ്മാണവും, നടത്തിപ്പും, നിർവ്വഹണവും എല്ലാം 40 വർഷത്തേക്ക് കരാർ നൽകിയിരിക്കുന്നതും ഗൗതം അദാനിയുടെ കമ്പനിക്ക് തന്നെയാണ്. 2014 മോദി ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് അദാനി ഗ്രൂപ്പിന് രാജ്യവ്യാപകമായി വഴിവിട്ട സഹായങ്ങൾ ലഭിച്ചുതുടങ്ങിയത്. 2015 ജൂൺ മാസത്തിലാണ് ഉമ്മൻ ചാണ്ടി സർക്കാർ വിഴിഞ്ഞം പദ്ധതി അദാനിക്ക് തീറെഴുതി നൽകിയത്. 7500 കോടി രൂപയുടെ മുതൽ മുടക്കുള്ള പദ്ധതിയിൽ 67 ശതമാനം ചിലവാക്കുന്ന ഗവൺമെൻറിന് 20 വർഷത്തിനുശേഷം ഒരു ശതമാനം ലാഭവിഹിതം ആണ് വിഴിഞ്ഞം കരാർ വാഗ്ദാനം ചെയ്യുന്നത്.

33 ശതമാനത്തോളം മാത്രം ചിലവഴിക്കുന്ന അദാനിക്ക് പോർട്ടിന്റെ പൂർണ്ണ ഉടമസ്ഥാവകാശവും 6000 കോടിയോളം മാർക്കറ്റ് വില വരുന്ന ഭൂമിയും പശ്ചാത്തല സൗകര്യവും ഈ കരാറിലൂടെ ലഭിക്കുന്നു. ഇവിടെ നാട്ടുകാരിൽ നിന്ന് ഏറ്റെടുത്ത ഭൂമി ദീർഘകാലത്തേക്ക് അദാനിക്ക് നൽകിയെന്ന് മാത്രമല്ല, ഈ ഭൂമി റിയൽ എസ്റ്റേറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള നിയമപരമായ അവകാശവും കരാർ വ്യവസ്ഥ ചെയ്യുന്നു. പദ്ധതിക്കായി ഏറ്റെടുത്ത ഭൂമിയിൽ 120 ഏക്കർ പോർട്ട് എസ്റ്റേറ്റ് വികസനമെന്ന പേരിൽ ആഡംബര ഹോട്ടലുകൾക്കും, മറ്റും വാണിജ്യ വ്യവസായിക ആവശ്യങ്ങൾക്കും മാത്രമായി ഉപയോഗിക്കാൻ അദാനിക്ക് ഈ കരാർ നിയമപരമായ അവകാശം നൽകുന്നു. അന്താരാഷ്ട്ര തുറമുഖത്തിന്റെ നടത്തിപ്പിനേക്കാൾ അദാനിക്ക് ലാഭകരമായി തോന്നിയതും ഈ റിയൽ എസ്റ്റേറ്റ് കച്ചവടമാകാം.

അദാനിക്ക് അനുകൂലമായ ചട്ടങ്ങളാണ് വിമാനത്താവള ലേലത്തിൽ കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചത്. ഒരു കമ്പനിക്ക് രണ്ട് വിമാനത്താവളത്തിൽ കൂടുതൽ നൽകരുത്, വിമാനത്താവള നടത്തിപ്പിൽ മുൻപരിചയം ഉള്ളവർക്കെ ടെണ്ടറിൽ പങ്കെടുക്കാവൂ എന്നീ നീതി ആയോഗ് മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ടാണ് നിലവിലെ നടപടികൾ മുന്നോട്ടുപോയത്. ഒരു ഉപഭോക്താവ് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യക്ക് നൽകുന്ന ഉപഭോക്തൃ ചാർജിന്റെ അടിസ്ഥാനത്തിൽ വിമാനത്താവളം നടത്തിപ്പിനുള്ള അവകാശം അദാനിക്ക് നൽകുകയായിരുന്നു. അദാനി നിശ്ചയിച്ച അത്രയും തുക നൽകാൻ തയ്യാറാണെന്ന് കേരള മുഖ്യമന്ത്രി രേഖാമൂലം കേന്ദ്ര സർക്കാരിനെ അറിയിക്കുകയും ചെയ്തു. എന്നിട്ടും കേന്ദ്ര സർക്കാർ അദാനിയുമായി തന്നെ കരാർ ഉറപ്പിക്കുകയായിരുന്നു.



വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണത്തെ തുടർന്ന് രൂക്ഷമായ കടലാക്രമണം

നത്തിലാണ് റിയൽ എസ്റ്റേറ്റ് വ്യവസായത്തെ മുന്നോട്ടുവയ്ക്കുന്നത്. ഈ റിപ്പോർട്ട് പുറത്തുവിടാതെ തന്നെയാണ് പ്രീ ബിഡ് മീറ്റിംഗുകളും നടക്കുന്നത്.

സാമ്പത്തികമായി ലാഭം ഇല്ലാതിരുന്ന പദ്ധതി ഏറ്റെടുക്കുവാൻ അധികം കമ്പനികൾ മുന്നോട്ടുവന്നിരുന്നില്ല. സ്വകാര്യകമ്പനികൾക്ക് ഉണ്ടാകാനിടയുള്ള ഈ നഷ്ടം പരിഹരിക്കാനാണ് ഏണസ്റ്റ് ആൻഡ് യംഗ് റിയൽ എസ്റ്റേറ്റ് വ്യവസായവും, 60 ശതമാനം വരെ വയബിലിറ്റി ഗ്യാപ് ഫണ്ടും, പോർട്ട് താരിഫിൽ 35 ശതമാനം ഡിസ്കൗണ്ടും വേണമെന്ന ആവശ്യം മുന്നോട്ടുവച്ചത്. 2013 ഡിസംബർ നാലിന് നാലാം ടെൻഡർ ക്ഷണിച്ച ശേഷം സാമ്പത്തിക ബിഡ് സമർപ്പിക്കാനുള്ള തീയതി 14 തവണ നീട്ടേണ്ടി വന്നതും സ്വകാര്യ കമ്പനികളുടെ താല്പര്യമില്ലായ്മ ആണ് സൂചിപ്പിക്കുന്നത്. ബിഡിൽ യോഗ്യത നേടിയ കമ്പനികളുമായി മുഖ്യമന്ത്രി നേരിട്ട് നടത്തിയ നാല് പ്രീ ബിഡിങ് മീറ്റിങ്ങുകളിലും ആരും ടെണ്ടർ നൽകാൻ തയ്യാറായിരുന്നില്ല. 2015 ഏപ്രിൽ 24ന് അദാനിയുമായി ഡൽഹിയിൽ കെ.വി തോമസ് എം.പിയുടെ വസതിയിൽ വച്ച് മുഖ്യമന്ത്രി നടത്തിയ മിനിറ്റ്സില്ലാത്ത മീറ്റിങ്ങിനു ശേഷം ആണ് അദാനി പദ്ധതിയിൽ ആകൃഷ്ടനാകുന്നത്. കരാർ ഔദ്യോഗികമായി അംഗീകരിക്കുന്നതുവരെ ഏണസ്റ്റ് ആൻഡ് യങ് തയ്യാറാക്കിയ സാധ്യതാപഠനം പുറത്തുവിടാത്തത് ആനുകൂല്യങ്ങൾ അദാനിക്ക് നേടിക്കൊടുക്കുന്നതിൽ എതിർപ്പ് ഉയരാതിരിക്കാൻ വേണ്ടി മാത്രമായിരുന്നു.

ഇതേ വഴിവിട്ട നീക്കങ്ങൾ തന്നെയാണ് വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനി ഗ്രൂപ്പിന് കൈമാറുന്നതിലും നടന്നിട്ടുള്ളത്. 2014ൽ വിഴിഞ്ഞം തുറമുഖ നിർമ്മാണം അദാനിയെ ഏൽപ്പിക്കുന്ന ബിഡിംഗ് പ്രക്രിയ നിയമലംഘനങ്ങളുടെയും, സുതാര്യതയില്ലായ്മയുടെയും വികല രൂപമാണ്. പദ്ധതി അദാനി ഗ്രൂപ്പിന് കൈമാറാൻ ഔദ്യോഗിക തീരുമാനം ഉണ്ടാകുന്നതുവരെ ഏണസ്റ്റ് ആൻഡ് യംഗ് എന്ന കമ്പനി സമർപ്പിച്ച സാധ്യതാപഠനം പുറത്തുവിട്ടിരുന്നില്ല. ഇതിന് മുമ്പ് പദ്ധതിക്കായി ഇന്റർനാഷണൽ ഫിനാൻഷ്യൽ കമ്മീഷനും, AECOM ഉം നടത്തിയ സാധ്യത പഠനങ്ങൾ വിഴിഞ്ഞം തുറമുഖ നിർമ്മാണം സാമ്പത്തികമായി നഷ്ടമായിരിക്കും എന്ന് വ്യക്തമാക്കിയിരുന്നു. ഏണസ്റ്റ് ആൻഡ് യംഗ് സാധ്യതാ പഠ

തീരുമാനം ഉണ്ടാകുമ്പോൾ ഒരു അന്താരാഷ്ട്ര തുറമുഖം നടത്തി പരിചയമില്ലായിരുന്നു അദാനിക്ക്. കരാറിലെ അപാകതകളോട് മാത്രമാണ് എൽ.ഡി.എഫ് അന്ന് എതിർപ്പ് പ്രകടിപ്പിച്ചിരുന്നത്. അദാനിയോട് അവർക്ക് എതിർപ്പൊന്നും ഉണ്ടായിരുന്നില്ല. ഇടതുമുന്നണി അധികാരത്തിൽ എത്തിയാൽ ഈ കരാർ വ്യവസ്ഥകളിൽ മാറ്റം വരുത്തുമെന്ന് പ്രകടനപത്രികയിൽ തന്നെ വ്യക്തമാക്കുകയും ചെയ്തിരുന്നു. അന്ന് പിണറായി വിജയൻ 6000 കോടി രൂപയുടെ അഴിമതിയാണ് പദ്ധതിയിൽ ആരോപിച്ചത്. പദ്ധതിയുടെ ഉടമസ്ഥാവകാശത്തിലും, കരാർ വ്യവസ്ഥകളിലും സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണനും അഴിമതി ഉന്നയിച്ചിരുന്നു. കരാർ ഉപ്പുവച്ച ശേഷം ഗൗതം അദാനി നേരി

ട്ടെത്തി പ്രമുഖ ഇടതുമുന്നണി നേതാക്കളെയെല്ലാം നേരിൽ കണ്ട് നന്ദി അറിയിക്കുകയും ചെയ്തിരുന്നു. ഇടതുമുന്നണി അധികാരത്തിൽ എത്തിയ ശേഷം കരാർ വ്യവസ്ഥയിൽ യാതൊരു മാറ്റങ്ങളും വരുത്തിയില്ല. പിന്നീട് പുറത്തുവന്ന സി.എ.ജി റിപ്പോർട്ട് വിഴിഞ്ഞം കരാറിൽ മുപ്പതിനായിരം കോടിന രൂപയുടെ ആനുകൂല്യം അദാനിക്ക് ലഭിക്കുമെന്നും, അദാനിക്ക് നൽകിയ കൺസഷൻ പിരീഡ് അധികമാണെന്നും കണ്ടെത്തിയിരുന്നു. സി.എ.ജി റിപ്പോർട്ടിനെക്കുറിച്ച് വിശദമായി പഠിച്ച് വേണ്ട നടപടികൾ സ്വീകരിക്കുന്നതിന് ജസ്റ്റിസ് സി.എൻ രാമചന്ദ്രൻ നായർ അധ്യക്ഷനായുള്ള ജുഡീഷ്യൽ കമ്മീഷനെ സർക്കാർ നിയോഗിച്ചു. എന്നാൽ 6000 കോടിയുടെ അഴിമതി ആരോപിച്ച പിണറായി വിജയനും അദ്ദേഹത്തിന്റെ പാർട്ടിയും കമ്മീഷനു മുൻപിൽ ഹാജരാകുകയോ, തെളിവുകൾ നൽകുകയോ ചെയ്തില്ല. അദാനിയുമായി നീക്കുപോക്ക് നടത്തിയെന്നും അഴിമതി നടന്നുവെന്നുമുള്ള തങ്ങളുടെ തന്നെ ആരോപണങ്ങളെ നിയമപരമായി തെളിയിക്കുവാനുള്ള രാഷ്ട്രീയ ഉത്തരവാദിത്തം ഏറ്റെടുക്കാൻ എന്തുകൊണ്ടാണ് ഇടതുപക്ഷം തയ്യാറാകാതിരുന്നത്? ഒരു കോടി മൂന്നു ലക്ഷത്തി പതിനായിരം രൂപയാണ് ജുഡീഷ്യൽ കമ്മീഷനായി ഖജനാവിൽ നിന്നും ചിലവഴിച്ചത്. പദ്ധതിയിൽ അഴിമതി നടന്നിട്ടില്ല എന്നും, ആരും തങ്ങൾക്ക് മുമ്പിൽ അത്തരത്തിൽ ആരോപണം ഉന്നയിച്ചിട്ടില്ല എന്നുമാണ് ജസ്റ്റിസ് രാമചന്ദ്രൻ നായർ മാധ്യമങ്ങളോട് പറഞ്ഞത്. വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ നിർമ്മാണം ആരംഭിച്ച ശേഷം പലവിധത്തിലുള്ള പാരിസ്ഥിതിക പ്രശ്നങ്ങളാൽ വലയുകയാണ് തിരുവനന്തപുരം ജില്ലയിലെ തീരദേശ ജനത. പ്രത്യേകിച്ച് തീരശോഷണത്തിന്റെ പ്രശ്നം ഓരോ വർഷവും അതിരൂക്ഷമായി തീർന്നിരിക്കുന്നു. കേരളത്തിന്റെ തെക്കൻ തീരത്തെ ഏറ്റവും സുപ്രധാനമായ മത്സ്യബന്ധന തുറമുഖമായ വിഴിഞ്ഞം ഹാർബർ നഷ്ടമാകുമോ എന്ന ഭയവും മത്സ്യത്തൊഴിലാളികളെ ബാധിച്ചു തുടങ്ങിയിരിക്കുന്നു. ഓഖി അടക്കമുള്ള പ്രകൃതി ദുരന്തം കാരണവും പുലിമുട്ട് നിർമ്മിക്കാനുള്ള പാറയുടെ ലഭ്യതക്കുറവ് കാരണവും നിശ്ചയിച്ച സമയത്ത് തുറമുഖത്തിന്റെ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത സ്ഥിതിയിലാണ് അദാനി ഗ്രൂപ്പും ഉള്ളത്. വിമാനത്താവള സ്വകാര്യവത്കരണത്തിൽ അദാനിക്കെതിരെ ശബ്ദമുയർത്തുന്ന ഇടതു-വലതു കക്ഷികൾ വിഴിഞ്ഞം തുറമുഖ നിർമ്മാണത്തിന്റെ ഫലമായി ഉണ്ടാകുന്ന ഈ പാരിസ്ഥിതിക തകർച്ചകളോടും തീരശോഷണത്തോടും പ്രതികരിക്കാൻ തയ്യാറായിട്ടേയില്ല. അദാനി ഗ്രൂപ്പ് ഏറ്റെടുക്കാൻ പോകുന്ന തിരുവനന്തപുരം വിമാനത്താവളത്തിന്റെ തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന, വളരെ പ്രമുഖമായ ശംഖുമുഖം ബീച്ച് വരെ അദാനിയുടെ മറ്റൊരു പദ്ധതിയായ തുറമുഖ നിർമ്മാണത്താൽ കടലെടുത്തുകൊണ്ടിരിക്കുകയാണ്. വിമാനത്താവളത്തിന്റെ പടിഞ്ഞാറൻ അതിരിലെ മതിലിലേക്ക് കടൽത്തിരകൾ വന്നുമുട്ടാൻ ഇനി അധിക ദൂരമില്ല.

സ്വാതന്ത്ര്യത്തിന് ശേഷം നാം രൂപപ്പെടുത്തിയ ശക്തമായ പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം സ്വകാര്യ കുത്തകകൾക്ക് വിറ്റഴിക്കുകയാണ് കേന്ദ്ര സർക്കാർ. അദാനിയും അംബാനിയുമാണ് മിക്ക മേഖലകളും കൈയടക്കുന്നത്. വിദ്യാഭ്യാസം, ആരോഗ്യം, പ്രതിരോധം തുടങ്ങിയ എല്ലാ മേഖലകളും സ്വകാര്യ മേഖലക്ക് തുറന്ന് കൊടുത്തിരിക്കുന്നു. കോവിഡിന് ശേഷം പ്രഖ്യാപിക്കപ്പെട്ട പുതിയ പാക്കേജുകൾ പോലും ഈ കോർപറേറ്റ് സേവയ്ക്ക് വേണ്ടിയുള്ള ഇടപാടുകൾ മാത്രമായിത്തീർന്നിരിക്കുന്നു. പൊതുവിഭവങ്ങൾ സ്വകാര്യവൽക്കരിക്കപ്പെടുന്നതിനെതിരെയുള്ള മുന്നേറ്റങ്ങൾ ശക്തമാകണമെങ്കിൽ, അതിന്റെ അടിസ്ഥാന ആശയങ്ങളെ തന്നെ പ്രതിരോധിക്കപ്പെടണം. ഞങ്ങളുടെ സ്വകാര്യവൽക്കരണം നല്ലതെന്നും, നിങ്ങളുടേത് മോശവുമെന്ന യുക്തിയല്ല വേണ്ടത്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം എന്ന ദുരന്ത പദ്ധതിക്ക് കുടപിടിച്ചുകൊണ്ട്, വിമാനത്താവളം സ്വകാര്യവൽക്കരിച്ചതിനെതിരെ മാത്രം പ്രതിഷേധിക്കുന്ന കപടനാട്യങ്ങളെ ജനം തിരിച്ചറിയുക തന്നെ ചെയ്യും. ■


## കേരളീയം വരിസംഖ്യ അയയ്ക്കുമല്ലോ

**വാർഷിക വരിസംഖ്യ (12 ലക്കം) :**
**ഇന്ത്യയിൽ : 300 രൂപ, സ്ഥാപനങ്ങൾക്ക് : 600 രൂപ**
**വിദേശത്തേക്ക് : 1200 രൂപ.**
**കൂട്ടായ്മ അംഗത്വം : 15,000 രൂപ.**
**ആജീവനാന്ത വരിസംഖ്യ : 10,000 രൂപ.**

കത്തുകൾ, വാർത്തകൾ, വിശകലനങ്ങൾ, സംഭാവന, പരസ്യങ്ങൾ എന്നിവയും പ്രതീക്ഷിക്കുന്നു.

*ബന്ധങ്ങൾക്ക് :*

**കേരളീയം, കൊക്കാലെ, തൃശൂർ-680021**
ഫോൺ : 0487 2421385, 9446586943

**ബാങ്ക് അക്കൗണ്ട്:**
Keraleeyam 12800200006806, Federal Bank,
STN Branch, Thrissur. RTGS Code: FDRL0001280